"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ന്യൂനപക്ഷ ക്ഷേമ വകുപ്പ് - 2024-25 വർഷത്തിൽ വിദേശത്ത് പഠിയ്ക്കുന്ന ന്യുനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് - ഭരണാനുമതി നൽകിയതു റദ്ദ് ചെയ്തു പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ(ന്യൂനപക്ഷ ക്ഷേമ) വകുപ്പ്**

G.O.(Rt)No.4919/2024/GAD തീയതി,തിരുവനന്തപുരം, 07-11-2024

---

പരാമർശം:-

1. 6.07.2021 ലെ സ.ഉ (കൈ) നം.135/2021/പൊ.ഭ വ നമ്പർ ഉത്തരവ്
2. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 4.06.2024 ലെ MWD/583/2024-S നമ്പർ കത്ത്
3. ഇ- അനുമതി നമ്പർ AS/MWD/24/37159
4. 13.09.2024 ലെ സ.ഉ (സാധാ) നം.4158/2024/GAD നമ്പർ ഉത്തരവ്

**ഉത്തരവ്**

വിദേശത്ത് പഠിയ്ക്കുന്ന ന്യുനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് 2024-25 സാമ്പത്തിക വർഷം 2225-04-277-91-12 (P) ശീർഷകത്തിൽ 714 ലക്ഷം രൂപ സംസ്ഥന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ 170ലക്ഷം രൂപാ വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനായി ഈ സാമ്പത്തിക വർഷത്തേക്ക് നീക്കി വച്ചിട്ടുണ്ട്. 2011-ലെ സെൻസസ് അനുസരിച്ച് ജനസംഖ്യാടിസ്ഥാനത്തിൽ ന്യുനപക്ഷ സ്കോളർഷിപ്പുകൾ അർഹതയുള്ള പാഴ്സി ഉൾപ്പെടെയുള്ള എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും (മുസ്ലീം - 26.56%, ക്രിസ്ത്യൻ - 18.38%, ബുദ്ധർ - 0.01%, ജൈൻ - 0.01% മുതലായ) അനുവദിക്കാനായി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) 2024-25 അധ്യയന വർഷത്തിൽ വിദേശ സർവ്വകലാശാലകളിൽ ഉപരി പഠനം നടത്തുന്നതും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും ഇന്ത്യയിലെ ദേശസാൽകൃത, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതുമായ അർഹരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയ്ക്ക് 170 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ പരാമർശം (2) പ്രകാരം ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം വിദേശസർവ്വകലാശാലകളിൽ ബിരുദമോ ,ബിരുദാനന്തര ബിരുദമോ , പി എച്ച് ഡി കോഴ്സുകളോ പഠിക്കുന്ന കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നോ, ഇന്ത്യയിലെ ദേശസാൽകൃത, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള അർഹതയുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി 1,70,00,000/-രൂപ (ഒരു കോടി

എഴുപത് ലക്ഷം രൂപ മാത്രം) 2225-04-277-91-12(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് താഴെപ്പറയുന്ന ഉപാധികളോടെ ഭരണാനുമതി നൽകിക്കൊണ്ടും ഇതോടൊപ്പം പരാമർശം (4) ലെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) സ്കോളർഷിപ്പിന്റെ എണ്ണത്തിന്റെ പരിധി നിശ്ചയിക്കാതെ ബജറ്റ് വിഹിതത്തിൽ നിന്നുകൊണ്ട് ഒരു വിദ്യാർത്ഥിയ്ക്ക് അനുവദിക്കുന്ന ഏറ്റവും ഉയർന്ന സ്കോളർഷിപ്പിന്റെ പരിധി 5 ലക്ഷം രൂപയായി നിജപ്പെടുത്തേണ്ടതാണ്.

2) വിദേശ സ്കോളർഷിപ്പിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് അനുബന്ധ പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കണം.

3) ഫലപ്രദമായ രീതിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നുവെന്ന് ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ അവലോകനം ചെയ്ത് ഉറപ്പ് വരുത്തേണ്ടതും പദ്ധതി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI M R

JOINT SECRETARY

ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ചക്കോരത്ത്കുളം, വെസ്റ്റ്ഹിൽ,കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്, എ&ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

വെബ് ആന്റ് ന്യൂ മീഡിയ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba Beegom A M
Date: 07-11-2024 11:18:25

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതും , പദ്ധതി നടപ്പിലാക്കുന്നതും സംബന്ധിച്ച വിശദാംശങ്ങൾ**

1) വിദേശ സർവകലാശാലകളിലെ യുജി/പിജി (Degree Only)/പിഎച്ച്ഡി കോഴ്സുകളിൽ ഉന്നത വിദ്യാഭ്യാസം നേടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനത്തിനായി ഇന്ത്യയിലെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്ന ധനകാര്യ സ്ഥാപനത്തിൽ നിന്നോ വിദ്യാഭ്യാസ വായ്പ നേടിയിട്ടുള്ളവർക്ക് ലോൺ സബ്സിഡി സഹായം നൽകാനാണ് ഈ പദ്ധതി.

2 ) വിദേശത്ത് ഉപരിപഠനത്തിനായി വിദ്യാഭ്യാസ വായ്പ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കോളർഷിപ്പിന് അർഹതയുള്ളൂ. അപേക്ഷകർ സ്വന്തം നിലയ്ക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ ലഭിക്കുകയും ചെയ്തവരാകണം.

3) 2024-25 അദ്ധ്യയന വർഷത്തിൽ ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക റാങ്കിംഗിൽ ഉൾപ്പെടുന്ന വിദേശ യൂണിവേഴ്സിറ്റികളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി കോഴ്സുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ടി സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഡിപ്ലോമ/പോസ്റ്റ് ഡിപ്ലോമക്കാരെ പരിഗണിക്കുകയില്ല .

4 ) കുറഞ്ഞ കുടുംബ വരുമാനമുള്ള, പ്രത്യേകിച്ച് ബിപിഎൽ വിഭാഗത്തിൽപ്പെട്ട ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ട്.

5) ബിപിഎൽ വിഭാഗത്തിൽ നിന്ന് മതിയായ വിദ്യാർത്ഥികളില്ലെങ്കിൽ, 8 ലക്ഷം രൂപയിൽ താഴെ കുടുംബ വരുമാനമുള്ള എപിഎൽ വിഭാഗത്തിലെ വിദ്യാർത്ഥികളെയും സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്.

6) 2024-25 അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് പ്രഥമ പരിഗണന നൽകുന്നതാണ്.

7) 2024-25 അദ്ധ്യയന വർഷത്തിൽ പ്രവേശനം നേടിയ ന്യൂനപക്ഷ വിദ്യാർത്ഥികളിൽ നിന്ന് മതിയായ അപേക്ഷകരില്ലെങ്കിൽ, 2023-24 അദ്ധ്യയന വർഷങ്ങളിൽ പ്രവേശനം നേടിയവരും നിലവിൽ 2024-25 അദ്ധ്യയന വർഷത്തിൽ കോഴ്സിന്റെ തുടർ പഠനം നടത്തുന്നവരുമായ അപേക്ഷകരെ പരിഗണിക്കുന്നതാണ്.

8) ഇന്ത്യയിലെ ദേശസാൽകൃത ബാങ്കുകളിൽ നിന്നോ/ഷെഡ്യൂൾ ചെയ്ത ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷനിൽ നിന്നോ എടുത്തിരിക്കുന്ന വിദ്യാഭ്യാസ വായ്പയെ അടിസ്ഥാനമാക്കി ബാങ്ക് സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക റീ

ഇംബേഴ്സ്മെന്റായാണ് അനുവദിക്കുന്നത്.

9 ) ഒരു കുടുംബത്തിൽ നിന്ന് ഒരാൾക്ക് മാത്രമേ ഈ സ്കോളർഷിപ്പിന് അർഹതയുള്ളൂ. ഈവിഷയത്തിൽ അപേക്ഷകനും രക്ഷിതാവും സംയുക്ത സത്യവാങ്മൂലം നൽകണം.

10 ) അപേക്ഷകനും മാതാപിതാക്കളും കേരളത്തിലെ സ്ഥിര താമസക്കാരായിരിക്കണം. NRK-കൾ (നോൺ റസിഡന്റ് കേരളീയർ) ഈ സ്കോളർഷിപ്പിന് അർഹരല്ല.

11) അപേക്ഷകൻ കേരളത്തിലെ ഏതെങ്കിലും ന്യൂനപക്ഷ സമുദായങ്ങളിൽ (മുസ്ലിം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി) ഉൾപ്പെട്ടവരായിരിക്കണം.

12) അപേക്ഷകന്റെ പരമാവധി പ്രായം 01/06/2024 പ്രകാരം 35 വയസ്സിന് താഴെയായിരിക്കണം.

1 3 ) വിദേശ സർവ്വകലാശാലകളുടെ ഇന്ത്യയ്ക്ക് അകത്തുള്ള ഉപകേന്ദ്രങ്ങളിലോ അല്ലെങ്കിൽ വിദേശ സർവ്വകലാശാലകൾ ഇന്ത്യൻ സർവ്വകലാശാലകളുമായി സംയുക്തമായി രാജ്യത്തിനുള്ളിൽ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല.

14) സ്കോളർഷിപ്പിനായി തിരഞ്ഞെടുത്ത ശേഷം ഡിപ്പാർട്ട്മെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ വിദ്യാർത്ഥികൾ തെരഞ്ഞെടുത്ത കോഴ്സോ, യൂണിവേഴ്സിറ്റിയോ, മാറുകയാണെങ്കിൽ സ്കോളർഷിപ്പിനുള്ള യോഗ്യത നഷ്ടപ്പെടും. അത്തരം സന്ദർഭങ്ങളിൽ, ഇതിനകം ലഭിച്ച സ്കോളർഷിപ്പ് തുക തിരികെ വകുപ്പിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

1 5 ) സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ, സ്കോളർഷിപ്പ് അനുവദിച്ച അദ്ധ്യയന വർഷത്തിനുള്ളിൽ പ്രസ്തുത സർവകലാശാലകളിൽ പഠനം ആരംഭിക്കണം, അല്ലാത്തപക്ഷം സ്കോളർഷിപ്പ് അനുവദിക്കുന്നത് റദ്ദാക്കപ്പെടും. ഇതുമായി ബന്ധപ്പെട്ട് പിന്നീടുള്ള അപേക്ഷകളൊന്നും പരിഗണിക്കില്ല.

16 ) പഠോ പർദേശ് എന്ന ഗവൺമെന്റ് ഓഫ് ഇന്ത്യ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഈ സ്കീമിന് കീഴിലുള്ള സാമ്പത്തിക സഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

17) സ്കോളർഷിപ്പിനുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത് സർക്കാർ ഇതിനായി രൂപീകരിച്ച ഒരു സെലക്ഷൻ കമ്മിറ്റി ആയിരിക്കും. മാനദണ്ഡങ്ങൾക്കനുസൃതമായി ബിപിഎൽ യോഗ്യതയുടെയും, കുടുംബ വാർഷിക വരുമാനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക. 2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായങ്ങളുടെ ജനസംഖ്യാ അനുപാതം അനുസരിച്ചായിരിക്കും ന്യൂനപക്ഷ സമുദായത്തിൽ നിന്നുള്ള അപേക്ഷകർക്ക് സ്കോളർഷിപ്പ് അനുവദിക്കുക.

18) സ്കോളർഷിപ്പിനുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ (സെലക്ഷൻ കമ്മിറ്റി )തീരുമാനം അന്തിമമായിരിക്കും.